**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6652** **21-03-2023 - ൽ മറുപടിയ്ക്ക്**

**മുനമ്പത്ത്കടവ് പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് - ബേപ്പൂർ നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പൂല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്ത്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സ.ഉ(സാധാ)നം.5211/2022/ധന തീയതി 20.07.2022 പ്രകാരം പൂല്ലിപ്പുഴക്ക് കുറുകെ മുനമ്പത്ത് കടവ് പാലം പ്രവൃത്തിക്ക് ബഡ്ജറ്റിൽ 20% തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 'GENERAL-Investigation-Investigation estimate for the Munambath kadavu Bridge in Vallikkunnu LAC-Investigation Work' എന്ന പ്രവൃത്തി എഗ്രിമെന്റ് നമ്പർ AEE(BRM)05/2022-23 തീയതി 07.11.2022 പ്രകാരം കരാർ ഒപ്പുവച്ചു. 15.11.2022 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് മണ്ണ് പര്യവേഷണം, ടോട്ടൽ സ്റ്റേഷൻ സർവ്വേ, നിർദിഷ്ട സമീപന റോഡിനു ഏറ്റെടുക്കേണ്ട സ്ഥലം അതിർത്തി നിർണയിച്ച് കല്ല് സ്ഥാപിക്കൽ എന്നിവയും പൂർത്തിയായിട്ടുണ്ട്. |
| (ബി) | മുനമ്പത്ത്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | മണ്ണ് പര്യവേഷണം, ടോട്ടൽ സ്റ്റേഷൻ സർവ്വേ, നിർദിഷ്ട സമീപന റോഡിനു ഏറ്റെടുക്കേണ്ട സ്ഥലം അതിർത്തി നിർണയിച്ച് കല്ല് സ്ഥാപിക്കൽ എന്നിവയും പൂർത്തിയായിട്ടുണ്ട്. ഡിസൈൻ തയ്യാറായി ഡി.പി.ആർ ലഭ്യമായാൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പൂർത്തികരിച്ചിട്ടുണ്ടോ; ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയതിന് ശേഷം ഡി.പി.ആർ. അടക്കമുള്ള തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ